RCS/2274/2020-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം -14
ഫോൺ 0471-2330825
ഇ-മെയിൽ keralarcs.coop@kerala.gov.in
www.cooperation.kerala.gov.in
തീയതി:21.•04.2021

**സർക്കുലർ നമ്പർ 17/2021**

വിഷയം:- സഹകരണ വകുപ്പ് - കോവിഡ് 19 - പ്രതിരോധ പ്രവർത്തനങ്ങൾ - രോഗവ്യാപനം തടയുന്നത് - സംബന്ധിച്ച്

സംസ്ഥാനത്ത് നിലവിൽ കോവിഡ് 19 രോഗ വ്യപനം രൂക്ഷമായ സാഹചര്യത്തിൽ രോഗവ്യാപനം തടയുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കേരളത്തിലെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ (നീതി മെഡിക്കൽ സ്റ്റോർ/ആശുപത്രികൾ/ലാബുകൾ) കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് സാധാരണ നിലയിൽ പൊതു ജനങ്ങളുടെ സൗകര്യാർത്ഥം പ്രവർത്തിക്കേണ്ടതാണ്.

2. സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ കോവിഡ് 19 പ്രോട്ടോക്കോൾ പ്രകാരം മാസ്ക്, ഷീൽഡ്, ഗ്ലൗസ് എന്നിവ ധരിച്ചുകൊണ്ടും സാനിറ്റൈസർ ഉപയോഗിച്ചും സാമൂഹ്യ അകലം പാലിച്ചും ജോലി ചെയ്യുന്ന വിധത്തിൽ ആവശ്യമായ ക്രമീകരണം നടത്തേണ്ടതാണ്.

3. ഇടപാടുകാർ കൗണ്ടറിൽ ഒരേ സമയം കൂടുതലായി വരുന്ന സാഹചര്യത്തിൽ സാമൂഹ്യ അകലം ഉറപ്പാക്കേണ്ടതും, ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തേണ്ടതുമാണ്.

4. ജീവനക്കാർ കോവിഡ് 19 തടയുന്നതിന് ആവശ്യമായ മുൻകരുതൽ സ്വീകരിക്കേണ്ടതും ഇടപാടുകാരിൽ നിന്നും നിശ്ചിത അകലം പാലിക്കേണ്ടതുമാണ്. മാസ്ക്, ഷീൽഡ്, ഗ്ലൗസ് എന്നിവ നിർബന്ധമായും ഉപയോഗിക്കുന്നുയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

5. എല്ലാ സ്ഥാപനങ്ങളിലും ഇടപാട്ക്കാർക്ക് ഹാൻഡ് സാനിറ്റൈസർ, കൈ കഴുകാനുള്ള സൗകര്യം എന്നിവ ക്രമീകരിക്കേണ്ടതാണ്, താപനില പരിശോധനയും ഏർപ്പെടുത്തേണ്ടതാണ്.

6. ഇടപാടുകാർ, സന്ദർശകർ എന്നിവരുടെ പ്രവേശന സമയത്തുതന്നെ അവരുടെ പേര്, ഫോൺ നമ്പർ, സന്ദർശക സമയം, ശരീര താപനില പരിശോധിച്ച വിവരം എന്നിവ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

7. ഒരോ ജില്ലകളിലേയും പ്രത്യക സാഹചര്യം കണക്കിലെടുത്ത് അതാത് ജില്ലാ കളക്ടർമാരും ദുരന്ത നിവാരണ അതോറിട്ടിയും കാലാകാലങ്ങളിൽ കോവിഡ് 19 മായ് ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

8. ജില്ലാ ഭരണകൂടം/ദുരന്തനിവാരണ അതോറിട്ടി യുടെ നിർദ്ദേശപ്രകാരം ഏതെങ്കിലും ഒരു പ്രദേശം പ്രാദേശികമായി അടച്ചിടുകയോ, കണ്ടൈയിന്റ്മെന്റ് സോണായി പ്രഖ്യാപിക്കുന്ന സാഹചര്യത്തിലോ പ്രസ്തുത പ്രദേശത്തെ സാഹചര്യങ്ങൾക്കനുസൃതമായി സംഘങ്ങളുടെ പ്രവർത്തിസമയത്തിൽ അതാത് ഭരണ സമതികൾക്ക് ക്രമീകരണം വരുത്താവുന്നതാണ്.

9. സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാർക്കും വാക്സിനേഷൻ എടുക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

10. 24.04.2021 ശനിയാഴ്ച സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾക്ക് അവധിയായിരിക്കുന്നതാണ്.

11. സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ജീവനക്കാരുടെ എണ്ണം സർക്കാർ നിർദ്ദേശപ്രകാരം 50% മായി പരിമിതപ്പെടുത്തുന്നത് സംബന്ധിച്ച് അതാത് ഭരണ സമതികൾക്ക് ഉചിതമായ ക്രമീകരണം വരുത്താവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ എല്ലാ സഹകരണ സംഘങ്ങളും സഹകാരികളും ജീവനക്കാരും പാലിക്കണമെന്ന് അറിയിക്കുന്നു.

ഒപ്പ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. സെക്രട്ടറി, സഹകരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്.
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
5. മറ്റു ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക്(അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം.
6. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
7. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
8. എഡിറ്റർ/സഹകരണ വീഥി,
9. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്.

/ ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)